ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033
ഇ മെയിൽ : secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 17561/ലിബ്-1/2022/നി.സെ.(Vol.II)

തിരുവനന്തപുരം
22.11.2022

സെക്രട്ടറി

പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ/ഹെഡ് മിസ്ട്രസ്

സർ/മാഡം,

വിഷയം: കേരള നിയമസഭാ സെക്രട്ടേറിയറ്റ് - ആസാദി കാ അമൃത് മഹോത്സവ് - 'കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം - 2023'- സംബന്ധിച്ച്.

സൂചന : ഈ സെക്രട്ടറിയേറ്റിന്റെ 03.11.2022 തീയതിയിലെ ഇതേ നമ്പർ കത്ത്

ആസാദി കാ അമൃത് മഹോത്സവിന്റെയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി , കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ 2022 നവംബർ 28 മുതൽ ഡിസംബർ 4 വരെ നടത്തുവാൻ നിശ്ചയിച്ചിരുന്ന "കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം", പതിനഞ്ചാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2022 ഡിസംബർ 5-ാം തീയതി മുതൽ ചേരുന്നതിന് തീരുമാനിച്ച പശ്ചാത്തലത്തിൽ 2023 ജനുവരി 9 മുതൽ 15 വരെ തീയതികളിലേക്ക് മാറ്റിവെച്ചിട്ടുള്ളതാണെന്ന വിവരം അറിയിക്കുന്നു.

പുസ്തകോത്സവത്തിൽ വിദ്യാർത്ഥികൾക്ക് പുസ്തകോത്സവവേദിയ്ക്കൊപ്പം നിയമസഭാഹാൾ, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിക്കുന്നതിനും കലാ-സാംസ്കാരിക പരിപാടികൾ ആസ്വദിക്കുന്നതിനും അവസരമൊരുക്കുന്നു. ഈ

അവസരം വിനിയോഗിക്കാൻ താൽപര്യപ്പെടുന്ന സ്ഥാപനങ്ങൾ പ്രസ്തുത വിവരം 2023 ജനുവരി 5 ന മുൻപായി ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

കൂടാതെ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ചും പൊതുമേഖലാസ്ഥാപനങ്ങൾ മുഖേനയുള്ള പുസ്തക കൂപ്പൺ വഴിയും സ്കൂൾ/കോളേജ് ലൈബ്രറികളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ (പുസ്തകാസ്വാദനം, പദ്യപാരായണം, ഒരു കഥ പറയാം, കാർട്ടൂൺ, ക്വിസ്) പങ്കെടുക്കുന്നതിനുമുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ klibf.niyamasabha.org -ൽ ലഭ്യമാണ്. പുസ്തകോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി താങ്കളുടെ സ്ഥാപനത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു.

കേരള നിയമസഭാ പുസ്തകോത്സവത്തിന്റെ ആശയം ഉൾക്കൊണ്ട് കൊല്ലം ജില്ലയിലെ കടയ്ക്കൽ ജി.വി.എച്ച്.എസ്.എസ് -ൽ വിദ്യാർത്ഥികൾക്കായി "സ്കൂൾ ഓർമ്മയ്ക്കായ് ഒരു പുസ്തകവുമായി ഞാനും" എന്ന പരിപാടി സ്കൂൾ പി.ടി.എ. സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടി പ്രകാരം 2022-23 അക്കാദമികവർഷത്തിൽ SSLC,VHSE ,+2 പഠനം പൂർത്തിയാക്കി പോകുന്ന ഓരോ കുട്ടിയും അവരുടെ ഫോട്ടോ, പേര്, ക്ലാസ്, ഡിവിഷൻ എന്നിവ രേഖപ്പെടുത്തിയ ഒരു സ്റ്റിക്കർ പതിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിക്ക് കൈമാറുന്നു. ഇതിന് ആവശ്യമായ പുസ്തകങ്ങൾ നിയമസഭയിൽ നടക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിൽനിന്നുമാണ് വാങ്ങുന്നത്. ഇതനുസരിച്ച് ഏകദേശം 850 -ൽ അധികം കുട്ടികൾ പ്രസ്തുത സ്കൂളിനായി പുസ്തകം വാങ്ങി നൽകുന്നു. പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ പ്രസ്തുത വിദ്യാലയത്തിലെത്തി നിർവ്വഹിക്കുന്നതിനു പുറമെ അൽപനേരം കുട്ടികളുമായി സംവദിക്കുന്ന "പറയാം, കേൾക്കാം : നമ്മുടെ സ്പീക്കറോടൊപ്പം" എന്ന പരിപാടിയും സ്കൂൾ സംഘടിപ്പിക്കുന്നു. പ്രസ്തുത സ്കൂളിന്റെ മാതൃകയിൽ സമാന ആശയം ഉൾക്കൊണ്ട് ഇത്തരം പരിപാടികൾ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കുന്നത് സ്കൂൾ ലൈബ്രറികളെ കൂടുതൽ ശാക്തീകരിക്കുന്നതിനും പുതിയ തലമുറയ്ക്ക് പുസ്തകങ്ങളോട് ഔത്സുക്യം സൃഷ്ടിക്കുന്നതിനും സഹായകരമാകുമെന്ന് കരുതുന്നു.

കൂടാതെ, പുസ്തകോത്സവം സംബന്ധിച്ച വിവരം 2023 ജനുവരി ആദ്യവാരം സ്കൂൾ അസ്സംബ്ലി മുഖേന വിദ്യാർത്ഥികളെയും അധ്യാപകരെയും ഓർമ്മപ്പെടുത്തണമെന്നും ഇതോടൊപ്പമുള്ള **'ക്ഷണപത്രിക'** വായിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കത്തിനൊപ്പം attach ചെയ്തിരിക്കുന്ന പോസ്റ്ററുകളും അറിയിപ്പുകളും പ്രിന്റ് ചെയ്ത് താങ്കളുടെ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമെന്നും അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും രക്ഷകർത്താക്കളും അംഗങ്ങളായ സാമൂഹ്യമാധ്യമ ഗ്രൂപ്പുകളിൽ പങ്കുവയ്ക്കണമെന്നും അഭ്യർത്ഥിക്കുന്നു.

താങ്കളുടെ സ്ഥാപനത്തിൽ നിന്നും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ വിവരങ്ങൾ (Name, Designation, Contact Number, Email-id) ഇതുവരെ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആയത് klibf2022@gmail.com മുഖേന അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ ,

എ.എം. ബഷീർ ,

നിയമസഭാ സെക്രട്ടറി

**'ക്ഷണപത്രിക'**

**പ്രിയപ്പെട്ട വിദ്യാർത്ഥികളെ,**

ആസാദി കാ അമൃത് മഹോത്സവിന്റെയും കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെയും ഭാഗമായി , കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ "കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം" 2023 ജനുവരി 9 മുതൽ 15 വരെ തീയതികളിലായി നിയമസഭാ മന്ദിരത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. **"വായനയാണ് ലഹരി"** എന്ന ആശയം വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഈ പുസ്തകോത്സവത്തിൽ അന്താരാഷ്ട്ര ദേശീയ തലത്തിലുള്ള നൂറോളം പ്രസാധകർ പങ്കെടുക്കുന്നു.

പുസ്തകോത്സവത്തിൽ വിദ്യാർത്ഥികൾക്ക് പുസ്തകോത്സവവേദിയ്ക്കൊപ്പം നിയമസഭാഹാൾ, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിക്കുന്നതിനും കലാ-സാംസ്കാരിക പരിപാടികൾ ആസ്വദിക്കുന്നതിനും അവസരമുണ്ട് .

അനുദിനം വളരുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയിൽ, വായനയ്ക്കും ചെറുതല്ലാത്ത പങ്കുണ്ട്. **"വായിച്ച് വളരുക"** എന്ന ലക്ഷ്യത്തോടെ പുതിയ തലമുറയ്ക്ക് അറിവിന്റെ ലോകത്തേക്ക് മുന്നേറാൻ പുസ്തകോത്സവം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ അറിവിന്റെ, വായനയുടെ ഉത്സവത്തിലേക്ക് നിങ്ങൾ ഓരോരുത്തരെയും വ്യക്തിപരമായി ക്ഷണിക്കുന്നു.

**എ.എം. ബഷീർ**

നിയമസഭാ സെക്രട്ടറി

KLIBF2023

# കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം 2023

നിയമസഭാ മന്ദിരം, തിരുവനന്തപുരം

2023 ജനുവരി 9 മുതൽ 15 വരെ

സൃഷ്ടികൾ ലഭിക്കേണ്ട അവസാന തിയതി 2022 ഡിസംബർ 15

## വായനാവസന്തം

ഓൺലൈൻ പുസ്തകാസ്വാദന മത്സരം

ജൂനിയേഴ്സ്- 18 വയസ്സ് വരെ
സീനിയേഴ്സ്- 18 മുതൽ 40 വയസ്സ് വരെ
മാസ്റ്റേഴ്സ്- പൊതുജനങ്ങൾ

## പദ്യപാരായണം

ഓൺലൈൻ പദ്യപാരായണ മത്സരം

ജൂനിയേഴ്സ്- 18 വയസ്സ് വരെ
സീനിയേഴ്സ്- 18 മുതൽ 40 വയസ്സ് വരെ
മാസ്റ്റേഴ്സ്- പൊതുജനങ്ങൾ

## ഒരു കഥ പറയാം

ഓൺലൈൻ കഥ പറയൽ മത്സരം

സബ് ജൂനിയേഴ്സ്- 10 വയസ്സ് വരെ
ജൂനിയേഴ്സ്- 10 മുതൽ 18 വയസ്സ് വരെ
സീനിയേഴ്സ്- 18 വയസ്സിനു മുകളിൽ

## കാർട്ടൂൺ മത്സരം

ഓൺലൈൻ

ജൂനിയേഴ്സ്- 18 വയസ്സ് വരെ
സീനിയേഴ്സ്- 18 മുതൽ 40 വയസ്സ് വരെ
മാസ്റ്റേഴ്സ്- പൊതുജനങ്ങൾ

## ക്വിസ് മത്സരം

നിയമസഭാ അങ്കണത്തിൽ

2023 ജനുവരി 11, 12, 13

ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ
കോളേജ് വിദ്യാർത്ഥികൾ
പൊതുജനങ്ങൾ

മുൻകൂട്ടി രജിസ്റ്റർ ചെയ്യുക (ക്വിസ്)
അവസാന തീയതി : 2022 ഡിസംബർ 15

**കൂടുതൽ വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക.**

**klibf.niyamasabha.org**

കൂടുതൽ വിവരങ്ങൾക്ക് klibf.niyamasabha.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Kerala Legislature International Book Festival 2023

# ഓൺലൈൻ മത്സരങ്ങൾ, ക്വിസ് – മാനദണ്ഡങ്ങൾ

## വായനാവസന്തം / ഓൺലൈൻ പുസ്തകാസ്വാദനമത്സരം

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിക്കുന്ന ഓൺലൈൻ പുസ്തകാസ്വാദനമത്സരത്തിൽ താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങളിലായി പങ്കെടുക്കാവുന്നതാണ്.

- 18 വയസ്സു വരെ (Juniors)
- 18 മുതൽ 40 വയസ്സ് വരെ (Seniors)
- പൊതുജനങ്ങൾ (Masters)

- മത്സരത്തിൽ പങ്കെടുക്കുന്നവർ ഇഷ്ടപ്പെട്ട ഒരു പുസ്തകാസ്വാദനത്തിന്റെ 5 മിനിറ്റിൽ കവിയാത്ത ക്വാളിറ്റി ഉള്ള വീഡിയോ റെക്കോർഡ് ചെയ്ത് അതിന്റെ വീഡിയോ, ചുവടെ ചേർക്കുന്ന വിവരങ്ങൾ എന്നിവ klibf.bookreview@gmail.com എന്ന ഇ – മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്
- പേര്
- ജനനതീയതി
- വിദ്യാർത്ഥി ആണെങ്കിൽ സ്ഥാപനത്തിന്റെ പേര്
- മൊബൈൽ നമ്പർ
- ഇ-മെയിൽ വിലാസം
- മത്സരാർത്ഥിയുടെ ഫോട്ടോ
- പുസ്തകത്തിന്റെ പേര്, രചയിതാവ്, പുസ്തകത്തിന്റെ കവർപേജ് ഫോട്ടോ
- നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും സ്ക്രീനിംഗിനു ശേഷം തിരികെ അയച്ചു നൽകുന്ന പുസ്തകോത്സവത്തിന്റെ ലോഗോ ഉൾപ്പെടുത്തിയ വീഡിയോ, മത്സരാർത്ഥി തങ്ങളുടെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴി ഷെയർ ചെയ്യേണ്ടതാണ്.

- **എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി– 2022 ഡിസംബർ 15**

- വീഡിയോ ദൃശ്യങ്ങൾ പുസ്തകോത്സവത്തിന്റെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴി ഷെയർ ചെയ്യുന്നതും വീഡിയോയ്ക്ക് ലഭിക്കുന്ന LIKE, VIEWS എന്നിവയുടെ അടിസ്ഥാനത്തിൽ വിജയികളെ തെരഞ്ഞെടുക്കുന്നതും സമ്മാനമായി പുസ്തക കൂപ്പണുകളും സർട്ടിഫിക്കറ്റും നൽകുന്നതുമാണ്.

- വീഡിയോ ദൃശ്യത്തിന്റെ LIKE, VIEWS എന്നിവയിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടന്നപക്ഷം അയോഗ്യരാക്കുന്നതായിരിക്കും.

- ഫലപ്രഖ്യാപനം സംബന്ധിച്ച അന്തിമ തീരുമാനം നിയമസഭാസെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

- വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക-**klibf.niyamasabha.org**

- ബന്ധപ്പെടേണ്ട നമ്പർ --- **9446288110, 9995047125**

## ഓൺലൈൻ പദ്യപാരായണ മത്സരം

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിക്കുന്ന ഓൺലൈൻ പദ്യപാരായണ മത്സരത്തിൽ താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങളിലായി പങ്കെടുക്കാവുന്നതാണ്.

- 18 വയസ്സു വരെ (Juniors),
- 18 മുതൽ 40 വയസ്സ് വരെ (Seniors),
- പൊതുജനങ്ങൾ (Masters)

- മത്സരത്തിൽ പങ്കെടുക്കുന്നവർ ഇഷ്ടപ്പെട്ട ഒരു കവിത പാരായണം ചെയ്യുന്ന 5 മിനിറ്റിൽ കവിയാത്ത ക്വാളിറ്റി ഉള്ള വീഡിയോ റെക്കോർഡ് ചെയ്ത് അതിന്റെ **വിഡിയോ, ചുവടെ ചേർക്കുന്ന വിവരങ്ങൾ** എന്നിവ **klibf.poetryrecitation@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ച തരേണ്ടതാണ്.

- പേര്
- ജനനതീയതി
- വിദ്യാർത്ഥി ആണെങ്കിൽ സ്ഥാപനത്തിന്റെ പേര്
- മൊബൈൽ നമ്പർ
- ഇ-മെയിൽ വിലാസം
- മത്സരാർത്ഥിയുടെ ഫോട്ടോ
- കവിതയുടെ പേര്, രചയിതാവ്

- നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും സ്ക്രീനിംഗിനു ശേഷം തിരികെ അയച്ചു നൽകുന്ന പുസ്തകോത്സവത്തിന്റെ ലോഗോ ഉൾപ്പെടുത്തിയ വീഡിയോ, മത്സരാർത്ഥി തങ്ങളുടെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴി ഷെയർ ചെയ്യേണ്ടതാണ്.

- <u>എൻട്രികൾ ലഭിക്കേണ്ട അവസാന തിയതി– 2022 ഡിസംബർ 15</u>

- വീഡിയോ ദൃശ്യങ്ങൾ പുസ്തകോത്സവത്തിന്റെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴിയും ഷെയർ ചെയ്യുന്നതും വീഡിയോയ്ക്ക് ലഭിക്കുന്ന LIKE, VIEWS എന്നിവയുടെ അടിസ്ഥാനത്തിൽ വിജയികളെ തെരഞ്ഞെടുക്കുന്നതും സമ്മാനമായി പുസ്തക കൂപ്പണുകളും സർട്ടിഫിക്കറ്റും നൽകുന്നതുമാണ് .

- വീഡിയോ ദൃശ്യത്തിന്റെ LIKE, VIEWS എന്നിവയിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അയോഗ്യരാക്കുന്നതായിരിക്കും.

- ഫലപ്രഖ്യാപനം സംബന്ധിച്ച അന്തിമ തീരുമാനം നിയമസഭാസെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

- വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക- **klibf.niyamasabha.org**

- ബന്ധപ്പെടേണ്ട നമ്പർ ---**9446288110, 9495308807**

## ഒരു കഥ പറയാം (online story telling) – മത്സരം

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിക്കുന്ന ഓൺലൈൻ storytelling മത്സരത്തിൽ താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങളിലായി പങ്കെടുക്കാവുന്നതാണ്.

- 10 വയസ്സ് വരെ (Sub Juniors)

- 10 മുതൽ 18 വയസ്സ വരെ (Juniors),

- 18 വയസ്സിനു മുകളിൽ (Seniors )

- മത്സരത്തിൽ പങ്കെടുക്കുന്നവർ ഇഷ്ടപ്പെട്ട ഒരു കഥ പറയുന്ന 5 മിനുറ്റിൽ കവിയാത്ത ക്വാളിറ്റി ഉള്ള വീഡിയോ റെക്കോർഡ് ചെയ്ത് അതിന്റെ

വീഡിയോ,ചുവടെ ചേർക്കുന്ന വിവരങ്ങൾ എന്നിവ klibf.storytelling@gmail.com എന്ന ഇ - മെയിലിൽ അയച്ചു തരേണ്ടതാണ്.

- പേര്
- ജനനതീയതി
- വിദ്യാർത്ഥി ആണെങ്കിൽ സ്ഥാപനത്തിന്റെ പേര്
- മൊബൈൽ നമ്പർ
- ഇ-മെയിൽ വിലാസം
- മത്സരാർത്ഥിയുടെ ഫോട്ടോ
- നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും സ്ക്രീനിംഗിനു ശേഷം തിരികെ അയച്ചു നൽകുന്ന പുസ്തകോത്സവത്തിന്റെ ലോഗോ ഉൾപ്പെടുത്തിയ വീഡിയോ,മത്സരാർത്ഥി തങ്ങളുടെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴി ഷെയർ ചെയ്യേണ്ടതാണ്.

- **എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി– 2022 ഡിസംബർ 15**

- വീഡിയോ ദൃശ്യങ്ങൾ പുസ്തകോത്സവത്തിന്റെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴിയും ഷെയർ ചെയ്യുന്നതും വീഡിയോയ്ക്ക് ലഭിക്കുന്ന LIKE,VIEWS എന്നിവയുടെ അടിസ്ഥാനത്തിൽ വിജയികളെ തെരഞ്ഞെടുക്കുന്നതും സമ്മാനമായി പുസ്തക കൂപ്പണുകളും സർട്ടിഫിക്കറ്റും നൽകുന്നതുമാണ്.
- വീഡിയോ ദൃശ്യത്തിന്റെ LIKE,VIEWS എന്നിവയിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അയോഗ്യരാക്കുന്നതായിരിക്കും.
- ഫലപ്രഖ്യാപനം സംബന്ധിച്ച അന്തിമ തീരുമാനം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
- വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക- **klibf.niyamasabha.org**
- ബന്ധപ്പെടേണ്ട നമ്പർ ---**9446288110,9995047125**

## ഓൺലൈൻ കാർട്ടൂൺ മത്സരം

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിക്കുന്ന ഓൺലൈൻ കാർട്ടൂൺ മത്സരത്തിൽ താഴെപ്പറയുന്ന മൂന്ന് വിഭാഗങ്ങളിലായി പങ്കെടുക്കാവുന്നതാണ്.

- 18 വയസ്സു വരെ (Juniors),

- 18 മുതൽ 40 വയസ്സ് വരെ (Seniors),
- പൊതുജനങ്ങൾ (Masters)
- മത്സരത്തിൽ പങ്കെടുക്കുന്നവർ, വായന/പുസ്തകം - എന്നിവയിൽ ഏതെങ്കിലും വിഷയത്തിലധിഷ്ഠിതമായ കാർട്ടൂണുകൾ (ഒരാൾക്ക് പരമാവധി 3 എൻട്രി വരെ) തയ്യാറാക്കി കാർട്ടൂണിന്റെ high resolution image (പരമാവധി : 5 mb ) ഫയൽ, ചുവടെ ചേർക്കുന്ന വിവരങ്ങൾ എന്നിവ klibf.cartoon@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

- പേര്
- ജനനതീയതി
- വിദ്യാർത്ഥി ആണെങ്കിൽ സ്ഥാപനത്തിന്റെ പേര്
- മൊബൈൽ നമ്പർ
- ഇ-മെയിൽ വിലാസം
- മത്സരാർത്ഥിയുടെ ഫോട്ടോ
- കാർട്ടൂൺ -ഇമേജ് ഫയൽ
- നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും സ്ക്രീനിംഗിനു ശേഷം തിരികെ അയച്ചു നൽകുന്ന പുസ്തകോത്സവത്തിന്റെ ലോഗോ ഉൾപ്പെടുത്തിയ കാർട്ടൂണുകൾ, മത്സരാർത്ഥി തങ്ങളുടെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴി ഷെയർ ചെയ്യേണ്ടതാണ് .

- **എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി– 2022 ഡിസംബർ 15**

- കാർട്ടൂണുകൾ പുസ്തകോത്സവത്തിന്റെ സോഷ്യൽമീഡിയ ഹാൻഡിലുകൾ വഴിയും ഷെയർ ചെയ്യുന്നതും കാർട്ടൂണുകൾക്ക് ലഭിക്കുന്ന LIKEs ന്റെ അടിസ്ഥാനത്തിൽ വിജയികളെ തെരഞ്ഞെടുക്കുന്നതും സമ്മാനമായി പുസ്തക കൂപ്പണുകളും സർട്ടിഫിക്കറ്റും നൽകുന്നതുമാണ് .
- കാർട്ടൂണുകളുടെ LIKEs-ൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അയോഗ്യരാക്കുന്നതായിരിക്കും.
- ഫലപ്രഖ്യാപനം സംബന്ധിച്ച അന്തിമ തീരുമാനം നിയമസഭാസെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
- വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക--klibf.niyamasabha.org
- ബന്ധപ്പെടേണ്ട നമ്പർ ---9446288110, 9496155237

## ക്വിസ് മത്സരം (നിയമസഭാ സെക്രട്ടേറിയറ്റ് അങ്കണത്തിൽ )

- ഹൈസ്കൂൾ/ഹയർ സെക്കന്ററി വിഭാഗം, കോളേജ് വിഭാഗം, പൊതു വിഭാഗം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി ക്വിസ് മത്സരം നടത്തുന്നതാണ്.
- ഓരോ വിഭാഗത്തിനുമുള്ള, രണ്ട് പേർ ഉൾപ്പെടുന്ന ടീമുകളുടെ രജിസ്ട്രേഷൻ വെബ്സൈറ്റ് (klibf.niyamasabha.org) മുഖേന നടത്തേണ്ടതാണ്.

- വിഷയം---പൊതുവിജ്ഞാനം (General Knowledge)

- രജിസ്ട്രേഷൻ - 2022 ഡിസംബർ 15 വരെ

- ഹൈസ്കൂൾ/ ഹയർ സെക്കന്ററി, കോളേജ് , പൊതു വിഭാഗം എന്നീ മത്സരങ്ങൾ യഥാക്രമം 11.01.2023, 12.01.2023, 13.01.2023 തീയതികളിൽ നിയമസഭാ സെക്രട്ടേറിയറ്റ് അങ്കണത്തിൽ വെച്ച് നടത്തുന്നതാണ് . ഓരോ വിഭാഗത്തിലും പ്രിലിമിനറി സ്ക്രീനിംഗ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന 6 ടീമുകളെ ഉൾപ്പെടുത്തി ഫൈനൽ സംഘടിപ്പിക്കുന്നതാണ് .
- ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിജയികൾക്ക് യഥാക്രമം, 5000, 3000 രൂപയുടെ പുസ്തക കൂപ്പണുകളും സർട്ടിഫിക്കറ്റും നൽകുന്നതാണ് .

- വിവരങ്ങൾക്ക് ലോഗിൻ ചെയ്യുക.....klibf.niyamasabha.org

- ബന്ധപ്പെടേണ്ട നമ്പർ ---9995047125, 9446288110